# Prime Minister Shri Narendra Modi calls His Excellency Pravind Kumar Jugnauth, Prime Minister of Mauritius, to convey condolences for Sir Anerood Jugnauth

June 04, 2021

## സർ അനെരൂദ് ജുഗ്നാത്തിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി മൗറീഷ്യസ് പ്രധാനമന്ത്രി പ്രവീദ് കുമാർ ജുഗ്നാത്തിനെ വിളിച്ചു

**ജൂൺ 04, 2021**

പിതാവ് സർ അനെരൂദ് ജുഗ്നാത്തിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കാൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി മൗറീഷ്യസ് പ്രധാനമന്ത്രി പ്രവീന്ദ് കുമാർ ജുഗ്നൗത്തിനെ വിളിച്ചു.

മൗറീഷ്യസിലെ സർ അനെരൂദ്ദിന്റെ ദീർഘകാല പൊതുജീവിതം പ്രധാനമന്ത്രി അനുസ്മരിച്ചു, ഈ കാലയളവിൽ അദ്ദേഹം പ്രധാനമന്ത്രിയും പ്രസിഡന്റുമായി വർഷങ്ങളോളം സേവനമനുഷ്ഠിച്ചു

എല്ലാ രാഷ്ട്രീയ പാർട്ടികൾക്കുമുൾപ്പെടെ ഇന്ത്യയിൽ സർ അനെരൂദ് ജുഗ്നൗത്തിനോടുള്ള അങ്ങേയറ്റത്തെ ആദരവ് എടുത്തുകാട്ടിയ പ്രധാനമന്ത്രി, മൗറീഷ്യസുമായുള്ള ഇന്ത്യയുടെ പ്രത്യേക സൗഹൃദത്തിന്റെ പരിണാമത്തിൽ അദ്ദേഹം വഹിച്ച പങ്കിനെ അഭിനന്ദിച്ചു.

അഭിമാനിയായ പ്രവാസി ഭാരതീയൻ എന്ന് വിശേഷിപ്പിച്ച പ്രധാനമന്ത്രി സർ അനെരൂദ്ദിനെ പ്രവാസി ഭാരതീയ സമ്മാൻ , പത്മവിഭൂഷൺ എന്നിവ നൽകി ആദരിക്കാനുള്ള പദവി ഇന്ത്യയ്ക്ക് ലഭിച്ചതായി പറഞ്ഞു.

സർ അനെരൂദ്ദിന്റെ പാരമ്പര്യത്തിന്റെ ശാശ്വത സ്മരണയ്ക്കായി പ്രത്യേക ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ആഴത്തിലാക്കുന്നതിനും പ്രതിജ്ഞാബദ്ധരാണെന്ന് ഇരു നേതാക്കളും വ്യക്തമാക്കി.

**ന്യൂ ഡൽഹി**

**ജൂൺ 04, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.